# സൈലൻറ്‌വാലി പദ്ധതി പ്രവർത്തനം തുടങ്ങുന്നു

തിരുവനന്തപുരം, ജൂൺ 17. സൈലൻറ്‌വാലി ജലവൈദ്യുതപദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് വിജ്ഞാപനം ഇലക്ട്രിസിററി ബോർഡ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പദ്ധതി പ്രവർത്തനം മുറക്കു തുടങ്ങുന്നതിനുള്ള ആദ്യനടപടിയാണിത്.

മലപ്പുറം പാലക്കാട് ജില്ലകളിൽ ഭാരതപ്പുഴ ബേസിനിലുള്ള കണ്ടിപ്പുഴയിലെ വെള്ളം ഉപയോഗിച്ചാണ് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുക. കേച്ച്മെൻറ് ഏരിയയുടെ വിസ്തീർണ്ണം 77 ചതുരശ്ര കിലോമീററർ ആണ്. കണ്ടിപ്പുഴയിൽ ഒരു അണക്കെട്ട് നിർമ്മിച്ചു വെള്ളം ശേഖരിച്ചു കണ്ടിപ്പുഴയുടെ ഇടത്തു തീരത്തിൽ സ്ഥാപിക്കുന്ന പവർ ഹൌസിലേക്ക് കൊണ്ടുപോകും. 40 മെഗാവാട്ട് വീതം ഉല്പാദനശേഷിയുള്ള 3 ജനറേററുകൾ പവർഹൌസിൽ പ്രവർത്തിക്കും. 55 കോടി യൂനിററ് വിദ്യുച്ഛക്തി പ്രതിവർഷം ഉല്പാദിപ്പിക്കും. ട്രാൻസ്മിഷൻ സിസ്റ്റം നിർമ്മിക്കുന്നതിനുള്ള രൂപരേഖയും വിജ്ഞാപനത്തിൽ കാണിച്ചിട്ടുണ്ട്. ആകെ 24.88 കോടി ക. ചെലവാകും.

1978–79ൽ വിദ്യുച്ഛക്തി ഈ പദ്ധതിയിൽ നിന്നു ഉപയോഗത്തിന്നായി ലഭിക്കും. ആദായം 4ാം വർഷം മുതൽ 9.79 ശതമാനം ആയിരിക്കും. പ്ലാനിങ്ങ് കമ്മീഷൻ ഈ പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്.

—സ്വ. ലേ.